# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4645 — 13.11.2019 ൽ മറുപടിയ്ക്ക്

## ചെങ്ങന്നൂർ ഗവ. ഐ.ടി.ഐ. അന്താരാഷ്ട്ര നിലവാരത്തിലാക്കാൻ പദ്ധതി

*ചോദ്യം*
ശ്രീ.സജി ചെറിയാൻ :

*ഉത്തരം*
ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| **(എ)** ചെങ്ങന്നൂർ ഗവൺമെന്റ് ഐ.ടി.ഐ. യെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | | **(എ)** കിഫ്ബിയുടെ ധന സഹായത്തോടുകൂടി ചെങ്ങന്നൂർ ഐടിഐയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി 19.758/- കോടി രൂപ കിഫ്ബി മുഖേന അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(ബി)** ഐ.ടി.ഐ. യുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലവിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | | **(ബി)** വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ചെങ്ങന്നൂർ ഐടിഐയിലെ വിവിധ വർക്ക്ഷോപ്പുകളിലെ ചോർന്നൊലിക്കുന്ന മേൽക്കൂരകൾ മാറ്റുന്നതിന് 84,82,000/- രൂപയുടെ അനുമതി നല്കിയിട്ടുണ്ട്.<br>2. ആവശ്യത്തിന് കെട്ടിടങ്ങൾ ഇല്ലാത്തതിനാൽ സ്ഥലപരിമിതി മൂലമുള്ള പ്രശ്നങ്ങൾ നിരന്തരം അഭിമുഖീകരിക്കുന്നു. KIIFB യുടെ സഹായത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതോടെ ആയത് പരിഹരിക്കപ്പെടുന്നതായിരിക്കും.<br>3. ഹോസ്റ്റൽ സൗകര്യം ഇല്ലാത്തത് കാരണം ദൂരെയുള്ള കുട്ടികൾക്ക് |

| | | |
|---|---|---|
| | | ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്.. KIIFB യുടെ സഹായത്തോടെ പുതിയ ഹോസ്റ്റൽ നിർമ്മിക്കപ്പെടുന്നതോടെ ആയത് പരിഹരിക്കപ്പെടുന്നതായിരിക്കും |
| **(സി)** അക്കാഡമിക് നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | | **(സി)** ഐ.ടി.ഐ.കളിൽ പഠിപ്പിക്കുന്ന സിലബസുകൾ കാലാനുസൃതമായി പരിഷ്കരിച്ചുവരുന്നത് ന്യൂഡൽഹി ആസ്ഥാനമായുള്ള ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് ആണ്. 2018 വർഷം മുതൽ സിലബസുകൾ NSQF പ്രകാരം പരിഷ്കരിച്ച് ചെങ്ങന്നൂർ ഐ.ടി.ഐ ഉൾപ്പെടെ സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ അക്കാദമിക് നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ